(NCRMI) സഹായകമാകുന്നു. ഈ പരിപാടികളെല്ലാം കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുവാനും വാർഷിക കയറ്റുമതി ഉയർത്തുവാനും ഉദ്ദേശിച്ചുള്ളവയാണ്.

പാലക്കാട് ജില്ലയെ വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിക്കുവാൻ നടപടി

108 [1187] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 വേനൽക്കാലത്തെ വരൾച്ചയിൽ പാലക്കാട് ജില്ലയിൽ നെല്ല്, തെങ്ങ്, കമുക്, വാഴ തുടങ്ങിയ കൃഷികൾ നശിച്ചതുമൂലം ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കൃഷി നാശം സംഭവിച്ച കർഷകർക്ക് ദുരിതാശ്വാസം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) പാലക്കാട് ജില്ലയിൽ എത്ര കർഷകർ വരൾച്ചാ ദുരിതാശ്വാസത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. ഇവരിൽ എത്ര പേർക്ക് ഇതുവരെയായി വരൾച്ചാ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്;

(ഇ) 2004-ലെ ഭീമമായ കൃഷി നാശത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004-ലെ വരൾച്ചയിൽ പാലക്കാട് ജില്ലയിൽ നെൽകൃഷിക്ക് 10,108.32 ലക്ഷം രൂപയുടേയും തെങ്ങ് കൃഷിക്ക് 1904 ലക്ഷം രൂപയുടേയും വാഴകൃഷിക്ക് 4905 ലക്ഷം രൂപയുടേയും കമുക് കൃഷിക്ക് 186.76 ലക്ഷം രൂപയുടേയും നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് സർക്കാർ ദുരിതാശ്വാസം നൽകി വരുന്നു.

(ഡി) പാലക്കാട് ജില്ലയിൽ 88628 കർഷകർ വരൾച്ചാ ദുരിതാശ്വാസത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. ഇവരിൽ 88520 കർഷകർക്കായി 13.94 കോടി രൂപ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ഇ) പാലക്കാട് ജില്ലയെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

കാർഷിക വൈദ്യുതി ചാർജ്

109 [1188] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കാർഷിക വൈദ്യുതി ചാർജ് ഇനത്തിൽ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly